LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ടിംഗിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017-18-ലെ ബജറ്റിന്മേലുള്ള പൊതുചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിലെ പ്രഖ്യാപനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന 1039.15 കോടി രൂപയുടെ പ്രവൃത്തികളുടെ പട്ടികയിൽ 8-ാം ഇനമായി 10 കോടി രൂപയുടെ മഞ്ഞോടി-മലബാർ കാൻസർ സെന്റർ-പന്തക്കൽ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാല്യം-2 ഭാഗം 2-ൽ 20 ശതമാനം തുക വകയിരുത്തി ഉൾക്കൊള്ളിക്കുകയാണ് ചെയ്യുന്നതെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ പ്രത്യേകമായി നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ബജറ്റ് വിഹിതമുള്ള പദ്ധതികൾ കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മഞ്ഞോടി-മലബാർ കാൻസർ സെന്റർ-പന്തക്കൽ റോഡ് പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാലും ടി പദ്ധതി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിൽ റെഗുലേറ്റർ- കം-ബ്രിഡ്ജ് പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും ടി പദ്ധതി കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## പതിനാലാം ധനകാര്യ കമ്മീഷൻ

26(3647) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സെൻട്രൽ ടാക്സിന്റെ 42 ശതമാനം 2016-17-ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയതിൽ കേരളത്തിന് ലഭിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ; ഇത് എത്ര ഗഡുക്കൾ ആയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) 2016-17-ൽ സെൻട്രൽ ടാക്സിന്റെ 42 ശതമാനം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഇവ ചേർത്ത് മൊത്തം കേന്ദ്രത്തിൽനിന്ന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15, 2015-16 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സെൻട്രൽ ടാക്സിന്റെ വിഹിതം ഇവ ചേർത്ത് മൊത്തം കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതത്തിന്റെ 42 ശതമാനം 2016-17-ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയതിൽ കേരളത്തിന് ലഭിച്ച തുക 15,225.02 കോടി രൂപയാണ്. 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ 12 മാസ ഗഡുക്കളായിട്ടാണ് ലഭിച്ചിട്ടുള്ളത്.

(ബി) 2016-17-ൽ കേന്ദ്ര നികുതി വിഹിതമായി 15225.02 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതമായി 5832.60 കോടി രൂപയും (RE പ്രകാരമുള്ള കണക്ക്) ചേർത്ത് ആകെ 21057.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) 2014-15, 2015-16 എന്നീ വർഷങ്ങളിലെ കേന്ദ്ര നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

(രൂപ കോടിയിൽ)

| വർഷം | കേന്ദ്ര നികുതി വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം | ആകെ |
|---|---|---|---|
| 2014-15 | 7926.29 | 3916.87 | 11843.16 |
| 2015-16 | 12690.67 | 3558.00 | 16248.67 |

### ഹോട്ടൽ ഭക്ഷണത്തിന് ജി.എസ്.ടി.

27(*T 3648) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. റസ്റ്റോറന്റുകളിൽ വിളമ്പുന്ന ഭക്ഷണത്തിന് സംസ്ഥാന ബജറ്റിൽ ഏർപ്പെടുത്തിയ നികുതി ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഹോട്ടൽ ഭക്ഷണത്തിന് പല നിരക്കിൽ ടാക്സ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഏകീകരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഹോട്ടൽ ഭക്ഷണത്തിന് കൃത്യമായി നൽകേണ്ട നികുതി എത്രയെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു